**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളിൽ സംരംഭകത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങളിൽ സംരംഭകത്വം വളർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിഭാഗത്തിലുള്ളവരിൽ സംരംഭകത്വം വളർത്തുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംരംഭകത്വം വളർത്തുന്നതിനായി ആവിഷ്കരിച്ച 6 മാസ കാലാവധിയുള്ള ഇൻക്യുബേഷൻ പദ്ധതിയാണിത്. കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് നടത്തുന്ന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം വരെ ഇതു ദീർഘിപ്പിച്ച് നൽകും. പട്ടികജാതി വികസന വകുപ്പും, കേരള സ്റ്റാർട്ട് അപ്പ് മിഷനും ചേർന്ന് തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിലാണ് ഇത് നടത്തി വരുന്നത്. |
| (ബി) | നൂതന ആശയങ്ങളും ഉല്പന്നങ്ങളും ഉള്ളവർക്ക് അവ വികസിപ്പിക്കുന്നതിനും പുതു സംരംഭങ്ങൾ തുടങ്ങുവാനുമുള്ള സൗകര്യവും ശേഷി വികസനവും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടേയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. കൂടാതെ അവർക്കായി ഒരു സ്പെഷ്യൽ സീഡ് ഫണ്ടും നിലവിലുണ്ട്. |
| (സി) | ഇതിനകം എത്ര പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തുവെന്നും, എത്രപേർ പരിശീലനം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ 3 ബാച്ചുകൾ പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ 55 സ്റ്റാർട്ട് അപ്പുകൾക്കാണ് ഇൻക്യുബേഷൻ നൽകിയത്. ഇവർ എല്ലാവരും ഇൻക്യുബേഷൻ പരിപാടി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി 48 പേർക്ക്കൂടി ഇൻക്യുബേഷൻ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ